(g) Music in schools—20—40 and 35—60.
Physical Instructors—40—60 and 60—100.
There are no Arts and Crafts Instructors as such in Schools.

Training College.—

	Rs.
Music ..	150—225
Physical Director ..	100—200
Crafts ..	75—125
Arts ..	100—200

The minimum scales of salaries of the members of the staff of the Training College were laid down by the University Inspection Commission prior to the grant of affiliation.

Mr. A. Eachara Menon *(Chittur-Tattamangalam):* Are we to understand that apart from the two periods of work practically in all classes these physical director and directress engage these students two hours every evening ?

Mr. P. Govinda Menon *(Minister for Food and Education):* Yes.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I suggest that these long answers, as are used to be done, need not be read in Council so that we may gain time. More than five minutes have been taken for this and our time is also wasted.

Mr. President: There are also other ways of wasting the time of the Council.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഈ നിയമനങ്ങളെല്ലാം താല്ക്കാലികമായിട്ടല്ലേ നടത്തിയിട്ടുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ നിയമനങ്ങൾ നടത്തിയ അവസരത്തിൽ ടെയിനിംഗ് കോളേജിലെ ഓഫീസേഴ്സിനു കൊച്ചിഗവണ്മെണ്ടു ഒരു ശമ്പളത്തോതു നിശ്ചയിച്ചു. ആ ശമ്പളത്തോതു പോരാ, കൂടുതൽ ശമ്പളംവേണമെന്നു് യൂനിവേഴ്സിറ്റി ആവശ്യപ്പെട്ടു. അതിനെ സംബന്ധിച്ചു് കൊച്ചിഗവണ്മെണ്ടും യൂനിവേഴ്സിറ്റിയുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണു്. അതിനൊരു തീരുമാനമുണ്ടാകുന്നതുവരെ ഈ അപ്പായിൻറുമെൻറ്സ് പ്രൊവിഷണൽ ആയി വെച്ചിരിക്കുകയാണു്.

മിസ്റ്റർ സി. എസ്സ്. പണിക്കർ: ഇതു് അവസാനത്തീരുമാനത്തിൽ എത്തിയിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: യൂനിവേഴ്സിറ്റി പറഞ്ഞതു് അവർ പറഞ്ഞ ശമ്പളം കൊടുത്തുകൊള്ളണമെന്നാണു്.

മിസ്റ്റർ എം. കെ. വല്ലീസ്: അവർ പറഞ്ഞ മിനിമം ശമ്പളമാണോ കൊടുക്കാൻപോകുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതാണു് ആലോചനയിൽ ഇരിക്കുന്നതു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: സീനിയർ ഹാൻറ്സിനല്ലേ ഈ ഗ്രേഡ് കൊടുക്കേണ്ടതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതും ഗവണ്മെണ്ടിൻെറ ആലോചനയിൽ ഇരിക്കുകയാണു്.

GRIEVANCES OF NURSES—ENQUIRY REGARDING

240. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ സർവ്വീസിലെ നെഴ്സുമാരുടെ അവശതകളെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുവാൻ നിയുക്തമായിരുന്ന കമ്മിറ്റി അവരുടെ റിപ്പോർട്ടു് സമർപ്പിച്ചുവൊ;

(ബി) എത്രമാസത്തിനുള്ളിൽ റിപ്പോർട്ടു് സമർപ്പിക്കണമെന്നു് ആയിരുന്നു നിർദ്ദേശം;

(സി) റിപ്പോർട്ടു് സമർപ്പിച്ചുവെങ്കിൽ അവരുടെ നിർദ്ദേശത്തിൻെറ സംഗ്രഹമെന്താണു്;

(ഡി) കമ്മിറ്റിയുടെ പ്രശ്നാവലിക്കു് നെഴ്സുമാർ അവരുടെ ശമ്പളം മുതലായവ എത്രയായി പരിഷ്കരിക്കണമെന്നാണു് ആവശ്യപ്പെട്ടിരുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഇല്ല.

(ബി) വേഗം സമർപ്പിക്കണമെന്നല്ലാതെ ഇത്രമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നു നിർദ്ദേശിച്ചിട്ടില്ല.

(സി) ചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഈ ചോദ്യത്തിനു ഉത്തരം ആവശ്യമില്ല.

(ഡി) പലതും പലവിധത്തിലാണു് ശമ്പളത്തോടു ആവശ്യപ്പെട്ടിരിക്കുന്നതു്. അതിൽ ഭൂരിപക്ഷം നെഴ്സുമാർ ആവശ്യപ്പെട്ടിരിക്കുന്നതു താഴെ ചേർക്കുന്നു.

മേറ്റ്ൺ.	ക.	൧൫—൨൦—൨൫	൦
നഴ്സിങ്ങ് സിസ്റ്റർ.	ക.	൨൫—൩൦—൩൫	
സ്റ്റാഫ് നഴ്സ്	ക.	൧൫—	൨൫—൩൫	

മിസ്റ്റർ കെ. എ. രാഘവൻ: ഈ കമ്മിറ്റിയെ നിയമിച്ചിട്ടു് എത്ര നാളായി?

റാവു ബഹദൂർ ടി. കെ. നായർ: ൧൧ മാസത്തിലധികമായി.

മിസ്റ്റർ കെ. എ. രാഘവൻ: ഈ കമ്മിറ്റിയെ നിശ്ചയിച്ചപ്പോൾ എത്രകാലം കൊണ്ടു് റിപ്പോർട്ടു് സമർപ്പിക്കണമെന്നാണു് നിർദ്ദേശം കൊടുത്തിട്ടുള്ളതു്?

റാവുബഹദൂർ ടി. കെ. നായർ: ചില കമ്മിറ്റികൾ വെക്കുമ്പോൾ ഇത്രകാലംകൊണ്ടു റിപ്പോർട്ട് സമർപ്പിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ടാകും. ചില കമ്മിറ്റികൾ വെക്കുമ്പോൾ അതു നിശ്ചയിച്ചിട്ടുണ്ടാകുകയില്ല. ഈ കമ്മറ്റിയെ നിശ്ചയിച്ചതു് കാലം നിശ്ചയിക്കാതെയാണു്.

Mr. P. Kumaran Ezhuthassan *(Vadakkancheri)* : May I know Sir, whether the period of appointment of the Committee is six months as stated by you?

Rao Bahadur T. K. Nayar *(Minister for Public Health)*: Yes.

മിസ്റ്റർ കെ. എ. രാഘവൻ: ഇനിയും അതു് എത്രകാലം നീട്ടാനാണു് ഉദ്ദേശിക്കുന്നതു്?

റാവു ബഹദൂർ ടി. കെ. നായർ: കഴിയുന്ന വേഗത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണു്. അതിനുശേഷം അതിൽ പറയുന്ന കാര്യങ്ങൾ ഉടനെ നടപ്പിൽ വരുത്തുന്നതാണു്.

മിസ്റ്റർ പി. കെ. ഡീവർ: ശമ്പളത്തിന്റെ സംഗതിയിൽ, ഇതിൽകാണിച്ചിരിക്കുന്നതോടു് മദ്രാസിലെ ശമ്പളത്തോടാണോ?

റാവു ബഹദൂർ ടി. കെ. നായർ: നോട്ടീസ്സ് വേണം.

മിസ്റ്റർ പി. കെ. ഡീവർ: അതിനെപ്പറ്റി അന്വേഷണം നടത്താമോ?

റാവു ബഹദൂർ ടി. കെ. നായർ: അന്വേഷണം നടത്താൻ വിരോധമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇപ്പോഴത്തെ അവരുടെ ഗ്രേഡ് എന്താണു്?

റാവു സാഹിബ്ബു് സി. ജെ. മാത്യു: സ്റ്റാഫ് നെഴ്സിനു് ൩൦-൩൦, നെഴ്സിംഗ് സിസ്റ്ററിനു് ൩൦-൫൦, മേടൻനു് ൨൦൦.

മിസ്റ്റർ പി. നാരായണമേനോൻ: മേടനേയും നെഴ്സിംഗ് സിസ്റ്റർസിനേയും ഒരു കമ്മൂണിറ്റിയിൽനിന്നു മാത്രമേ വെക്കാൻ പാടുള്ളൂവൊ; മറ്റു കമ്മൂണിറ്റിയിൽനിന്നു വെക്കാൻപാടില്ലേ?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ നിയമിക്കാൻ യാതൊരു തടസ്സവുമില്ല.

മിസ്റ്റർ എം. കെ. രാജാ: ഇവരുടെ ശമ്പളത്തോടു് പേയ് റിവിഷൻ കമ്മിറ്റിയുടെ പരിധിയിൽ പെട്ടതല്ലേ?

റാവു ബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ എം. കെ. രാജാ: എന്നാൽ പിന്നെ എന്തിനാണു് ഈ കമ്മിറ്റിയെ വെച്ചതു്?

റാവു ബഹദൂർ ടി. കെ. നായർ: ശമ്പളത്തോടു മാത്രമല്ല കമ്മിറ്റി ആലോചിക്കുന്നതു്. മറ്റു പല അവശതകളുമുണ്ടു്. അതിനെപ്പറ്റി ആലോചിക്കാനാണു് കമ്മറ്റിയെവെച്ചതു്. അതിൽ ഇളംകുടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നു മാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ: മേറ്റ്ടനും നെഴ്സിംഗ് സിസ്റ്റും ഇപ്പോൾ ഒരു പ്രത്യേക കമ്മൂണിറ്റിയിൽനിന്നുള്ളതല്ലാതെ വേറെ ഏതെങ്കിലും കമ്മൂണിറ്റിയിൽപെട്ട വരുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഉണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: എത്രയാളുണ്ട്?

റാവു ബഹദൂർ ടി. കെ. നായർ: എറണാകുളത്തു് ഒരാളുണ്ട്.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know the points of reference if there be any to this Committee.

Rao Sahib C. J. Mathew *(Secretary to Government)*: They are asked to enquire into the grievances of nurses and submit categorical proposals to redress the same.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, whether any definite points have been referred to the Committee ?

Rao Sahib C. J. Mathew *(Secretary to Government)*: They are asked to report about their marriages about their pay, and their services, rules, etc.

മിസ്റ്റർ പി. നാരായണമേനോൻ: ഒരാൾ ഉണ്ട് എന്നു പറഞ്ഞതു് മേറ്റ്ടനാണോ?

റാവു ബഹദൂർ ടി. കെ. നായർ: അല്ല. നെഴ്സിംഗ് സിസ്റ്ററാണ്.

മിസ്റ്റർ പി. നാരായണമേനോൻ: പേർ പറയാമോ?

റാവു ബഹദൂർ ടി. കെ. നായർ: നോട്ടീസ്സു് വേണം.

മിസ്റ്റർ പി. നാരായണമേനോൻ: മേറ്റ്ടനും, നേഴ്സിംഗ് സിസ്റ്ററും ആയിട്ടു് വേറെ വല്ല കമ്മൂണിറ്റിയിൽനിന്നും നിയമിക്കപ്പെട്ടിട്ടുണ്ടോ എന്നാണു് അറിയേണ്ടതു്.

Rao Sahib C. J. Mathew *(Secretary to Government)*: At present there are two nurses. There are sisters who are nuns.

മിസ്റ്റർ പി. നാരായണമേനോൻ: മേറ്റ്ടനേയും നെഴ്സിംഗ് സിസ്റ്ററേയും വേറെ ഏതെങ്കിലും കമ്മൂണിറ്റിയിൽനിന്നു വെക്കാൻ വിരോധമുണ്ടോ എന്നാണു് ചോദിക്കുന്നതു്.

റാവു ബഹദൂർ ടി. കെ. നായർ: യാതൊരു വിരോധവുമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഇതിനു മുമ്പു വല്ല അപേക്ഷയും മേറ്റ്ടനോ നെഴ്സിംഗ് സിസ്റ്ററോ ആയി വെക്കണമെന്നു പറഞ്ഞു കിട്ടിയിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: അപേക്ഷ കിട്ടിയതുകൊണ്ടു കായ്മില്ലല്ലോ. ഒഴിവു വരുമ്പോൾ അല്ലേ വെക്കാൻ നിവൃത്തിയുള്ളൂ. ഒഴിവുവരുമ്പോൾ വെക്കാൻ യാതൊരു വിരോധവുമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: മെഡിക്കൽ ഡിപ്പാർട്ടുമെൻറ് ആരംഭിച്ചതിനുശേഷം ഒഴിവുവന്നിട്ടുള്ള യാതൊരു സന്ദർഭവുമുണ്ടായിട്ടില്ലേ?

റാവു ബഹദൂർ ടി. കെ. നായർ: ഉണ്ടായിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: കമ്മിറ്റിയിൽ അവരുടെ പല അശുതകളെപ്പറ്റിയും ആലോചിച്ചു വരുന്നതായി പറഞ്ഞുവല്ലോ. മറുകായ്ങ്ങൾ തീരുമാനിക്കാൻ തയ്യാറാകുമെന്നുള്ളതുകൊണ്ടു് കുറെ താമസംവന്നാലും പേയ്റിവിഷൻ കമ്മിറ്റിയുടെ റിപ്പോർട്ട്, ശമ്പളക്കായ്മത്തെ സംബന്ധിച്ചു റിപ്പോർട്ട് അടിയന്തിരമായി ആവശ്യപ്പെടാൻ വിരോധമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: മിസ്റ്റർ രാജാ ചോദിച്ച ചോദ്യത്തിനു് ഉത്തരം പറഞ്ഞതുപോലെ പേയ്റിവിഷൻ കമ്മിറ്റിയിൽ ഇവരും പെടുന്നതുകൊണ്ടു് ആകായ്ത്തിനു് പ്രത്യേകം അടിയന്തിരമായ റിപ്പോർട്ടു് വേണമെന്നില്ല. നേരെമറിച്ചു് മറുകായ്ങ്ങളെ സംബന്ധിച്ചാണു് ഉടനെ റിപ്പോർട്ടു് ആവശ്യപ്പെടേണ്ടതു്.

മിസ്റ്റർ പി. കെ. ഡീവർ: അതു് ആവശ്യപ്പെട്ടിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ കെ. എ. രാഘവൻ: കഴിയുന്നവേഗത്തിൽ റിപ്പോർട്ടു് സമർപ്പിക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. എന്നാൽ രു മാസം കഴിഞ്ഞിട്ടും റിപ്പോർട്ടു കിട്ടിയിട്ടില്ലാത്തസ്ഥിതിക്കു് വേഗത്തിന്റെ നില എങ്ങിനെയിരിക്കുന്നുവെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib C. J. Mathew *(Secretary to Government):* I will inform the House at this stage that we are making a detailed enquiry regarding the conditions prevailing in Madras, Calcutta, Bombay and other places. It will take some time to get their replies. This Government is doing all it can do.

Mr. A. Eachara Menon *(Chittur-Tattamangalam):* Have there been any applications from persons other than nuns for the nursing sisters posts?

റാവു ബഹദൂർ ടി. കെ. നായർ : വേക്കൻസി വന്നാൽ കൊടുക്കാമെന്നു പറഞ്ഞുവല്ലോ; വേക്കൻസിയില്ലാതെ അപേക്ഷ വന്നാൽതന്നെ എങ്ങിനെ കൊടുക്കാനാണ്?

മിസ്റ്റർ എ. ഈച്ചരമേനോൻ : Qualified hands അപേക്ഷ അയച്ചിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ : ഉണ്ടായിരിക്കാം. പക്ഷെ അതിനു് ഒഴിവുവേണം.

മിസ്റ്റർ കെ. ഐ. വേലായുധൻ : സ്റ്റാഫ് നെഴ്സുമാരുടെ ശമ്പളവും നെഴ്സിങ്ങ് സിസ്റ്റർമാരുടെ ശമ്പളവും തമ്മിൽ വ്യത്യാസമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ : ഉണ്ടു്.

CRANGANUR TREASURY—WORKING SYSTEM

241. മിസ്റ്റർ എം. കെ. വള്ളീസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ ട്രഷറിയിലെ ജോലി കൂടുതൽ നിമിത്തം ട്രഷറി ഉദ്യോഗസ്ഥന്മാർ രാത്രി ഒമ്പതു മണിവരെ ജോലി ചെയ്യേണ്ടിവരുന്ന വിവരം ബഹുമാനപ്പെട്ട ഗവണ്മെണ്ടിന്റെ അറിവിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ കാര്യത്തിൽ ബഹുമാനപ്പെട്ട ഗവണ്മെണ്ടു് എന്തു ചെയ്തു?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി :

(എ) ചില അവസരങ്ങളിൽ രാത്രി 9 മണിവരെയും ജോലി ചെയ്യേണ്ടിവരുന്നുണ്ടു്. പക്ഷെ ഇതു എല്ലാ ട്രഷറികൾക്കും ബാധകമാണു്.

(ബി) വല്ല അലവൻസും അനുവദിക്കേണ്ടതാണോ എന്നുള്ള സംഗതി ഗവണ്മെണ്ടിന്റെ പരിഗണയിൽ ഇരിക്കുന്നു.

മിസ്റ്റർ പി. നാരായണമേനോൻ : ഏതെല്ലാം അവസരങ്ങളിലാണു് രാത്രി 9 മണിവരെ ജോലിചെയ്യേണ്ടതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ജോലി അധികമുള്ള സമയങ്ങളിലാണു്. അതു സാധാരണ മാസത്തിന്റെ അവസാനത്തിലാണു് വരാറു്.

മിസ്റ്റർ പി. നാരായണമേനോൻ : അസാധാരണമായി ഇങ്ങനെ പലപ്പോഴും വരാറുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ചില അവസരങ്ങളിൽ അങ്ങിനെ വരാറുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ : കൊടുങ്ങല്ലൂർ ട്രഷറിക്കു 8 മണി കഴിഞ്ഞാൽ പൂട്ടണമെന്ന നിയമം ബാധകമല്ലേ?

Rao Sahib P. V. Raphael *(Chief Secretary to Government):* The cash section of the Treasury has to be closed at 5 p.m. exactly and the accounts section may have to sit late.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Are we to understand that the accounts section is closed later than 5 and the cash section at 5 p.m. as laid down in the rules?

Rao Sahib P. V. Raphael *(Chief Secretary to Government):* That is whenever there is absolute necessity.

Mr. P. Kumaran Ezauthassan *(Vadakkancheri):* Do the rules specify that treasuries should close at 5 O'clock?

Rao Sahib P. V. Raphael *(Chief Secretary to Government):* The cash section must close at 5 p.m. according to the rules unless specially ordered by Government.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know Sir, what is the ingenious process of closing the cash section when the accounts section is not being closed?

Rao Sahib P. V. Raphael *(Chief Secretary to Government):* What is the difficulty? Payments made and the receipts made for which there are registers, the registers are passed on to the accounts section where they will consolidate them and submit to the Comptroller's Office.

LIBRARY ARCHIVES Kerala Legislative Assembly